പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5613

18/11/2019 ൽ മറുപടി നല്കേണ്ടത്.

## മാവേലിക്കര ജില്ല ആശുപത്രിയിൽ കാത്ത്‌ലാബ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) മാവേലിക്കര ജില്ല ആശുപത്രിയിൽ കാത്ത്‌ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) ആരോഗ്യവകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബ് ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ആയതിനാൽ, ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ബി) മാവേലിക്കര ജില്ല ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി) മാവേലിക്കര ജില്ല ആശുപത്രിയിൽ ഫോറൻസിക് സർജൻ ഉൾപ്പെടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ച് മാവേലിക്കര ജില്ലാ ആശുപത്രി താലൂക്ക്തല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക്തല ആശുപത്രികളിൽ ഫോറൻസിക് സർജൻ തസ്തിക ഉൾപ്പെട്ടിട്ടില്ല. |

Sreekha

സെക്ഷൻ ഓഫീസർ